## നിഷിദ്ധ്യ മാനസ്സ സദസ്യമുഖ്യൈർദക്ഷോ ഗിരിത്രായ വിസൃജ്യ ശാപം
## തസ്മാദ്വിനിഷ്ക്രമ്യ വിവൃദ്ധമന്യുർജ്ജഗാമ കൌരവ്യ നിജം നികേതനം (4-2-19)

സതിയുടെ അകാലവിയോഗത്തെപ്പറ്റിയുള്ള വിദുരരുടെ ചോദ്യത്തിന് മറുപടിയായി മൈത്രേയൻ ഇങ്ങിനെ പറഞ്ഞു: ഒരിക്കൽ സൃഷ്ടിദേവതയായ പ്രജാപതി നടത്തിയ സുപ്രധാനവും വിപുലവുമായ ഒരു യാഗത്തിൽ അനേകം മുനിമാരും ദേവതകളും പങ്കെടുത്തു. സൃഷ്ടാക്കളിലൊരുവനായ ദക്ഷൻ സഭയിലേക്ക് കടന്നുവന്നപ്പോൾ സ്വപിതാവായ ബ്രഹ്മാവും ജാമാതാവായ ശിവനുമൊഴികെ മറ്റെല്ലാവരും എഴുന്നേറ്റുനിന്ന് ബഹുമാനം പ്രകടിപ്പിച്ചു. ശിവൻെറ പെരുമാറ്റത്തിൽ അതൃപ്തനായ ദക്ഷൻ ഇങ്ങിനെ പറഞ്ഞു. "അല്ലയോ ഋഷി മുനി ദേവന്മാരേ, കേട്ടാലും, ഞാനീ പറയുന്നത് അജ്ഞത കൊണ്ടോ ആരോടുമുള്ള വിരോധം കൊണ്ടോ അല്ല, മറിച്ച് ശരിയായ പെരുമാറ്റരീതിയെക്കറിച്ച് മനസ്സിലാക്കിക്കാനാണ്. ഈ അഹംഭാവിയും വൃത്തി ഹീനനുമായ മനുഷ്യൻ, ശ്മശാനഭസ്മവും പൂശി, ഭ്രാന്തനെപ്പോലെ നടക്കുകയും, ഭൂതഗണങ്ങളെ കൂട്ടുപിടിച്ച് അവരിലൊരാളെപ്പോലെ അലയുകയും ചെയ്യുന്നവനാണെങ്കിലും എൻെറ മരുമകനും അതുകൊണ്ട് എനിക്ക് മകനെപ്പോലെയുമാണ്. കഷ്ടം, എൻെറ സുചരിതയായ മകളെ അവനാണല്ലൊ, വിവാഹത്തിൽ നൽകിയത്! എൻെറ അച്ഛൻെറ നിർബ്ബന്ധത്തിനു വഴങ്ങിയാണ് ഞാൻ ആ വിഢ്ഢിത്തത്തിനു സമ്മതിച്ചത്. എന്നോടുള്ള ബഹുമാനം കാണിക്കാതിരിക്കുക വഴി അവൻ നമ്മുടെയെല്ലാം മുഖത്ത് കരിവാരിത്തേച്ചിരിക്കുന്നു. ശരിയായ നടപടിക്രമങ്ങളേയും പെരുമാറ്റത്തേയും അംഗീകരിക്കാത്ത ശിവന് ഇനിമുതൽ യജ്ഞവീതം ലഭിക്കാതെ പോകട്ടെ." ഇത്രയും പറഞ്ഞ് മറ്റുമുനിമാർ അഭ്യർത്ഥിച്ചിട്ടുകൂടി യജ്ഞശാലയിൽ നിന്നും ദക്ഷൻ ദേഷ്യത്തിൽ ഇറങ്ങിപ്പോയി.

ശിവൻെറ പരമഭക്തന്മാരിലഗ്രഗണ്യനായ നന്തി ദക്ഷനേയും യാഗശാലയിൽ ദക്ഷനു കൂട്ടുനിന്ന ബ്രാഹ്മണരേയും ശപിച്ചു. "ഈ വിഢ്ഢി, ശരീരത്തെ ആത്മാവുതന്നെ എന്നുകരുതി ഇന്ദ്രിയസുഖങ്ങളിലും പൊങ്ങച്ചമേറിയ വിപുലമായ ആചാരക്രമങ്ങളിലും മുഴുകി ഒരു മൃഗത്തിൻെറ അവസ്ഥയിൽത്തന്നെ ജീവിക്കുന്നു. അതുകൊണ്ട് അവൻെറ മുഖം സത്യത്തിനുനേരെ പുറം തിരിഞ്ഞിരിക്കട്ടെ. അവൻെറ തല ആടിൻേറതുപോലെയുമാകട്ടെ. അവനും അവനെ പിന്തുടരുന്നവരും വീണ്ടും വീണ്ടും ജനിച്ചും മരിച്ചും കാലചക്രം തുടർന്നു കൊണ്ടേയിരിക്കും. ഈ ബ്രാഹ്മണർ വേദപഠനങ്ങളിലും യജ്ഞങ്ങളിലും അതീവ തൽപ്പരരായിരിക്കുന്നത് ധനസമ്പാദനത്തിനു മാത്രമാണല്ലോ. ഇഷ്ടമുള്ളതെല്ലാം ഭക്ഷിച്ച് പ്രകടനപരവും അലംകൃതങ്ങളുമായ വേദോച്ചാരണവും നടത്തി ശിവനെ വെറുത്തു കഴിയുന്നതുകൊണ്ട് ലോകം മുഴുവൻ ഈ ബ്രാഹ്മണർ യാചകരെപ്പോലെ അലഞ്ഞുനടക്കും."

നന്തി, ബ്രാഹ്മണകുലത്തെമുഴുവൻ ശപിച്ചതുകേട്ട ഭൃഗുമഹർഷി ഒരു മറുശാപം കൊടുത്തു. "ശിവൻെറ പാത പിന്തുടരുന്ന ഇവരെല്ലാം നിഷേധികളത്രെ. വേദങ്ങളുടേയും ബ്രാഹ്മണരുടേയും അധികാരത്തെ ചോദ്യം ചെയ്യുന്ന ഇവർ തിരഞ്ഞെടുത്തിരിക്കുന്ന പാത പവിത്രമല്ല. ജട നിറഞ്ഞ മുടിയും ചൂടി, ചുടലച്ചാരം മേലണിഞ്ഞ്, ലഹരികുടിച്ചു നടക്കുന്ന ഇവർ ഭഗവാൻ വിഷ്ണുവിനാൽ അംഗീകരിക്കപ്പെട്ട വേദത്തെത്തന്നെ ധിക്കരിക്കുന്നു. വേദങ്ങളെ നിഷേധിക്കുകമൂലം നിങ്ങളെല്ലാം ധിക്കാരികളായി അറിയപ്പെടും." ഈ ശാപവചനം കേട്ട് തൻെറ ഭീകരരൂപികളായ ഭൂതഗണങ്ങളുമൊത്ത് ശിവൻ സഭയിൽനിന്നും ഇറങ്ങിപ്പോയി. പ്രജാപതി ഒരായിരം വർഷത്തേക്കു കൂടി ഈ യാഗം തുടർന്നു. പിന്നീട് യാഗശേഷം ഔപചാരികസ്നാനവും കഴിഞ്ഞ് എല്ലാവരും സ്വകുടുംബങ്ങളിലേക്ക് മടങ്ങി.

----------------------

ദക്ഷ എന്നാൽ ജാഗരൂകമായ കാര്യക്ഷമതയും കർമ്മശേഷിയും. എല്ലാ കഴിവുകളും അവയുടെ ദേവതകളും ദക്ഷനെ അംഗീകരിക്കുന്നു, എന്നാൽ സൃഷ്ടാവും സംഹർത്താവും അതിനെ അംഗീകരിക്കുന്നില്ല. സംഹാരകനോടുള്ള ഭക്തിയില്ലാത്ത കാര്യക്ഷമതയെക്കുറിക്കുന്നതാണ് ഈ അദ്ധ്യായം.